**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 13** **05-12-2022 - ൽ മറുപടിയ്ക്ക്**

**കുട്ടനാട്ടിൽ എൻ .സി. സി. കേഡറ്റുകൾക്കായി ട്രെയിനിംഗ് സെന്റർ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കുട്ടനാട്ടിൽ എൻ.സി.സി. കേഡറ്റുകൾക്കായി ഒരുക്കുന്ന ട്രെയിനിംഗ് സെന്ററിന്റെ നിർമ്മാണ പുരോഗതി വിശദമാക്കുമോ ; | (എ) | കുട്ടനാട് താലൂക്കിൽ 25 സെന്റ് റവന്യൂ പുറമ്പോക്ക് ഭൂമി നേവൽ എൻ.സി.സി. യ്ക്ക് അനുവദിക്കുകയും, എൻ.സി.സി.യുടെ ആവശ്യപ്രകാരം നേവൽ ഓഫീസ്, നേവൽ ട്രെയിനിംഗ് സെന്റർ, ബോട്ട് ഹൗസ് എന്നിവ നിർമ്മിക്കുന്നതിനായുള്ള രൂപരേഖയും എസ്റ്റിമേറ്റും പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കി എൻ.സി.സി. -യ്ക്ക് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ട്രെയിനിംഗ് സെന്ററിൽ ഫെൻസിങ് നിർമ്മാണത്തിന് 48 ലക്ഷം രൂപ പൊതുമരാമത്ത് വകുപ്പിന് ഇതിനോടകം കൈമാറിയിട്ടുണ്ട്. റവന്യൂ വകുപ്പ് അനുവദിച്ച പ്രസ്തുത 25 സെന്റ് ഭൂമിയിൽ അതിർത്തി തർക്കവുമായി ബന്ധപ്പെട്ട് രണ്ട് കേസുകൾ ആലപ്പുഴ ബഹു.മുൻസിഫ് കോടതിയിൽ നിലനിൽക്കുന്നതിനാൽ ഇതുവരെയും നിർമ്മാണം ആരംഭിയ്ക്കാൻ സാധിച്ചിട്ടില്ല. |
| (ബി) | ഈ സെന്ററിന്റെ നിർമ്മാണം എത്രയും വേഗം പൂർത്തിയാക്കുന്നതിന് എന്തെല്ലാം പുതിയ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | കുട്ടനാട് താലൂക്കിൽ 25 സെന്റ് റവന്യൂ പുറമ്പോക്ക് ഭൂമി നേവൽ എൻ.സി.സി. യ്ക്ക് അനുവദിക്കുകയും, എൻ.സി.സി.യുടെ ആവശ്യപ്രകാരം നേവൽ ഓഫീസ്, നേവൽ ട്രെയിനിംഗ് സെന്റർ, ബോട്ട് ഹൗസ് എന്നിവ നിർമ്മിക്കുന്നതിനായുള്ള രൂപരേഖയും എസ്റ്റിമേറ്റും പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കി എൻ.സി.സി. -യ്ക്ക് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ട്രെയിനിംഗ് സെന്ററിൽ ഫെൻസിങ് നിർമ്മാണത്തിന് 48 ലക്ഷം രൂപ പൊതുമരാമത്ത് വകുപ്പിന് ഇതിനോടകം കൈമാറിയിട്ടുണ്ട്. റവന്യൂ വകുപ്പ് അനുവദിച്ച പ്രസ്തുത 25 സെന്റ് ഭൂമിയിൽ അതിർത്തി തർക്കവുമായി ബന്ധപ്പെട്ട് രണ്ട് കേസുകൾ ആലപ്പുഴ ബഹു.മുൻസിഫ് കോടതിയിൽ നിലനിൽക്കുന്നതിനാൽ ഇതുവരെയും നിർമ്മാണം ആരംഭിയ്ക്കാൻ സാധിച്ചിട്ടില്ല. |
| (സി) | പ്രസ്തുത നിർമ്മാണം സംബന്ധിച്ച തടസ്സങ്ങൾ നീക്കുന്നതിന് ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ഒരു | (സി) | ആലപ്പുഴ ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ബന്ധപ്പെട്ടവരുമായി ചർച്ച നടത്തി ട്രെയിനിംഗ് |

| | | | |
|---|---|---|---|
| | പ്രത്യേക കമ്മിറ്റി രൂപികരിച്ച് പ്രവർത്തനം ആരംഭിക്കുമോ; | | സെന്റർ നിർമ്മാണവുമായി ബന്ധപ്പെട്ട തടസ്സങ്ങൾ പരിഹരിക്കുന്നതിനുള്ള ശ്രമങ്ങൾ നടന്നുവരുന്നുണ്ട്. എന്നാൽ കോടതി പരിഗണനയിലുള്ള വിഷയമായതിനാൽ ഇക്കാര്യത്തിൽ കൂടുതൽ നടപടികളിലേയ്ക്ക് കടക്കുന്നതിന് പരിമിതികളുണ്ട്. |
| (ഡി) | ഈ പദ്ധതി യാഥാർത്ഥ്യമാകുമ്പോൾ വിദ്യാർത്ഥികൾക്കും കുട്ടനാടിനും എന്തെല്ലാം ഗുണങ്ങളാണ് ലഭിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ഡി) | പദ്ധതി യാഥാർത്ഥ്യമാകുമ്പോൾ കുട്ടനാട്ടിലെയും ആലപ്പുഴ ജില്ലയിലെയും കേഡറ്റുകൾക്ക് മികച്ച പരിശീലനം നൽകുവാൻ സാധിക്കും. പരിശീലന കേന്ദ്രത്തിൽ, ഇന്ത്യൻ നേവിയുടെ പ്രാഥമിക പരിശീലനം, ക്യാമ്പ് പരിശീലനം, ജലയാത്ര പരിശീലനം, സ്കൂബ ഡൈവിംങ്, ഫയറിംഗ് തുടങ്ങിയ സാഹസിക പരിശീലനങ്ങളും; പുനീത് സാഗർ അഭ്യാൻ, എയ്ഡ്സ് ബോധവൽക്കരണം, റോഡ് സുരക്ഷ ക്ലാസ്സുകൾ, പ്രാഥമിക സുരക്ഷ പരിശീലനങ്ങൾ, മൊബൈൽ കുറ്റകൃത്യങ്ങളെക്കുറിച്ചുള്ള ബോധവൽക്കരണം, ലഹരി വിരുദ്ധ ക്യാമ്പയിൻ തുടങ്ങിയ പ്രവർത്തനങ്ങളും സംഘടിപ്പിക്കുവാൻ സാധിക്കും. കൂടാതെ കുട്ടനാട്ടിലെ പ്രളയ സമയത്ത് അടിയന്തര ഘട്ടങ്ങളിൽ ജില്ലാ ഭരണ കൂടത്തിന് നേവൽ ട്രെയിനിംഗ് സെന്റർ ഷെൽട്ടർ ആയി ഉപയോഗിക്കുവാനും, നേവി ഓഫീസർമാരുടെ സേവനവും, നേവിയുടെ സുരക്ഷ ഉപകരണങ്ങളും പ്രയോജനപ്പെടുത്തുന്നതിനും സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ